# പതിനഞ്ചാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

# ബുള്ളറ്റിൻ—ഭാഗം I

(നിയമസഭാ നടപടികളുടെ സംക്ഷിപ്ത വിവരണം)

2022 ജൂലൈ 7, വ്യാഴാഴ്ച

**നമ്പർ 68**

രാവിലെ 9.00-ന് സ്പീക്കറുടെ അദ്ധ്യക്ഷതയിൽ നിയമസഭ സമ്മേളിച്ചു

ചോദ്യങ്ങൾ :

മറുപടി പറയാൻ നിശ്ചയിച്ചിരുന്ന ചോദ്യങ്ങളിൽ നാലെണ്ണം സഭയിൽ ചോദിക്കുകയും അവയ്ക്ക് വാങ്മൂലം മറുപടി നൽകുകയും ചെയ്തു.

അടിയന്തരപ്രമേയം :

സംസ്ഥാനം അഭിമുഖീകരിക്കുന്ന സാമ്പത്തിക പ്രതിസന്ധിയുടെ പശ്ചാത്തലത്തിൽ കേരള സോഷ്യൽ സെക്യൂരിറ്റി പെൻഷൻ ലിമിറ്റഡിന്റെ തിരിച്ചടവ് ബാധ്യതകളിൽ നിന്നും, സാമൂഹ്യക്ഷേമ പ്രവർത്തനങ്ങളിൽ നിന്നും സർക്കാർ പിന്മാറുന്നത് മൂലം ജനങ്ങളിൽ ഉളവായിട്ടുള്ളതായി പറയപ്പെടുന്ന ആശങ്ക സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്ന് ആവശ്യപ്പെട്ട് ഡോ. മാത്യു കുഴൽനാടനും മറ്റ് അഞ്ച് അംഗങ്ങളും ഒരു അടിയന്തരപ്രമേയത്തിന് നോട്ടീസ് നല്കിയിരുന്നു. ധനകാര്യ വകുപ്പുമന്ത്രിയുടെ മറുപടിയുടെ വെളിച്ചത്തിൽ അടിയന്തരപ്രമേയത്തിന് സ്പീക്കർ അവതരണാനുമതി നിഷേധിച്ചു

(ഇക്കാര്യത്തിൽ സർക്കാർ അനുവർത്തിച്ച നിലപാടിൽ പ്രതിഷേധിച്ച് പ്രതിപക്ഷ കക്ഷികളിൽപ്പെട്ട അംഗങ്ങൾ സഭയിൽ നിന്നിറങ്ങിപ്പോയി.)

ശ്രദ്ധ ക്ഷണിക്കൽ :

1. ഉൽപാദന വർദ്ധനവിനനുസരിച്ച് വിപണനം വർദ്ധിക്കാതെ കയറുൽപ്പന്നങ്ങൾ കെട്ടിക്കിടക്കുന്നതിനാൽ പരമ്പരാഗത കയർത്തൊഴിലാളികൾ നേരിടുന്ന ബുദ്ധിമുട്ട് പരിഹരിക്കേണ്ടതിന്റെ ആവശ്യകതയിലേക്ക് ശ്രീ. പി. പി. ചിത്തരഞ്ജൻ നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രിയുടെ ശ്രദ്ധ ക്ഷണിച്ചു. നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രിക്കുവേണ്ടി പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ, ദേവസ്വം-പാർലമെന്ററികാര്യ വകുപ്പുമന്ത്രി അത് സംബന്ധിച്ച് ഒരു പ്രസ്താവന ചെയ്തു.

2. ദേശീയപാതാ വികസനം നടത്തുമ്പോൾ യാത്രാസൗകര്യത്തെ തടസ്സപ്പെടുത്താതെ ജനങ്ങൾക്ക് റോഡ് മുറിച്ചുകടക്കാനുള്ള സൗകര്യങ്ങൾ കൂടി ഏർപ്പെടുത്തേണ്ടതിന്റെ ആവശ്യകതയിലേക്ക് ശ്രീ. എ.കെ.എം. അഷ്റഫ് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രിയുടെ ശ്രദ്ധ ക്ഷണിച്ചു. മന്ത്രി അത് സംബന്ധിച്ച് ഒരു പ്രസ്താവന ചെയ്തു.

KNPP.856/2022(I)

ചട്ടം 304 പ്രകാരമുള്ള വിഷയങ്ങൾ:

ചട്ടം 304 പ്രകാരം താഴെ പറയുന്ന വിഷയങ്ങൾ അംഗങ്ങൾ സഭയിൽ ഉന്നയിച്ചു

| ക്രമ നമ്പർ | അംഗത്തിന്റെ പേര് | വിഷയം | വകുപ്പുമന്ത്രി |
|---|---|---|---|
| 1 | 2 | 3 | 4 |
| 1 | ശ്രീ. ടി. വി. ഇബ്രാഹിം | കോഴിക്കോട് വിമാനത്താവളത്തിൽനിന്നും കൂടുതൽ സർവ്വീസുകൾ | മുഖ്യമന്ത്രിക്കുവേണ്ടി തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി |
| 2 | ശ്രീ. എ. രാജ | കുറ്റിയാർവാലിയിലെ പട്ടയനടപടി | റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി |
| 3 | ശ്രീ. പി. മമ്മിക്കുട്ടി | പ്രകൃതി ദുരന്തങ്ങളിൽപ്പെട്ടവർക്കുള്ള നഷ്ടപരിഹാരത്തുക വർദ്ധിപ്പിക്കുന്നതിന് നടപടി | റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി |
| 4 | ശ്രീമതി കാനത്തിൽ ജമീല | കാപ്പാട് പ്രദേശത്തെ കടലാക്രമണം | ജലവിഭവ വകുപ്പുമന്ത്രി |
| 5 | ശ്രീമതി ശാന്തകുമാരി കെ. | പാലക്കാട്-കോഴിക്കോട് ദേശീയപാതയിലെ പനയംപാട് വളവ് | പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി |
| 6 | ശ്രീ. രമേശ് ചെന്നിത്തല | മുതലക്കുറിച്ചിക്കൽ പാലത്തിന്റെയും കൊട്ടുന്താർ-മേൽപ്പാടം പാലത്തിന്റെയും നിർമ്മാണം | പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി |
| 7 | ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി | എല്ലാ സർക്കാർ ആശുപത്രികളിലും ഡയാലിസിസ് കേന്ദ്രങ്ങൾ ആരംഭിക്കുന്നതിന് നടപടി | ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി |

| 1 | 2 | 3 | 4 |
|---|---|---|---|
| 8 | ശ്രീ. പി. ബാലചന്ദ്രൻ | തൃശ്ശൂർ ജില്ലാ ആശുപത്രിയുടെ പ്രവർത്തനം | ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി |
| 9 | ശ്രീമതി ദെലീമ | അരൂരിലെ വെള്ളക്കെട്ട് നിവാരണത്തിന് കിഫ്ബി പദ്ധതി | ധനകാര്യ വകുപ്പുമന്ത്രി |
| 10 | ശ്രീ. അൻവർ സാദത്ത് | ആലുവയിൽ കിഫ്ബി വഴി നടത്തുന്ന വിവിധ റോഡുകളുടെ നിർമ്മാണം | ധനകാര്യ വകുപ്പുമന്ത്രി |

അതാത് വിഷയം സംബന്ധിച്ച് മന്ത്രിമാർ പ്രസ്താവന നടത്തി.

<u>റിപ്പോർട്ടുകളുടെ സമർപ്പണം</u> :

i) പബ്ലിക് അക്കൗണ്ട്സ് കമ്മിറ്റിയുടെ പതിനാല് മുതൽ ഇരുപത്തിയൊന്ന് വരെയുള്ള റിപ്പോർട്ടുകൾ സഭയിൽ സമർപ്പിച്ചു.

ii) അനൗദ്യോഗിക ബില്ലുകളും പ്രമേയങ്ങളും സംബന്ധിച്ച സമിതിയുടെ അഞ്ചാമത് റിപ്പോർട്ട് സഭയിൽ സമർപ്പിച്ചു.

<u>ഗവൺമെന്റ് പ്രമേയം</u> :

വന്യജീവി സങ്കേതങ്ങളുടേയും ദേശീയോദ്യാനങ്ങളുടേയും ഒരു കിലോമീറ്റർ ചുറ്റളവിലുള്ള പ്രദേശം ഇക്കോ സെൻസിറ്റീവ് സോൺ ആക്കുന്നതിൽ നിന്നും കേരളത്തെ ഒഴിവാക്കുന്നതിന് നിയമനിർമ്മാണം ഉൾപ്പെടെയുള്ള നടപടികൾ സ്വീകരിക്കുവാൻ കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെടുന്ന ഒരു പ്രമേയം വനം-വന്യജീവി വകുപ്പുമന്ത്രി ശ്രീ. എ. കെ. ശശീന്ദ്രൻ അവതരിപ്പിച്ചു.

ശ്രീ. എൻ. ഷംസുദീൻ, ശ്രീ. മഞ്ഞളാംകുഴി അലി, ശ്രീ. ടി. സിദ്ദിഖ്, ശ്രീ. സണ്ണി ജോസഫ്, ശ്രീ. സജീവ് ജോസഫ്, ഡോ. മാത്യു കുഴൽനാടൻ എന്നീ അംഗങ്ങൾ പ്രമേയത്തിന് ഭേദഗതികൾ അവതരിപ്പിച്ചു. ശ്രീ. എൻ. ഷംസുദീൻ അവതരിപ്പിച്ചിരുന്ന താഴെപ്പറയുന്ന ഭേദഗതികൾ സ്വീകരിച്ചു.

i) പ്രമേയത്തിലെ രണ്ടാമത്തെ ഖണ്ഡികയിൽ മൂന്നാമത്തെ വരിയിൽ "കൂടാതെ" എന്നതിനുശേഷം "590 കിലോമീറ്റർ കടൽ തീരവും" എന്നത് കൂട്ടിചേർക്കുക.

ii) പ്രമേയത്തിലെ രണ്ടാമത്തെ ഖണ്ഡികയിൽ പത്താമത്തെ വരിയിൽ "പരിഗണനയിലായിരുന്നു." എന്നതിനുശേഷം "ആയതിന്മേൽ" എന്നത് കൂട്ടിചേർക്കുക.

തുടർന്ന് ഭേദഗതി ചെയ്തപ്രകാരം താഴെപ്പറയുന്ന പ്രമേയം സഭ ഐകകണ്ഠ്യേന പാസ്സാക്കി.

"സംസ്ഥാനത്തെ വന്യജീവി സങ്കേതങ്ങളുടെയും ദേശീയോദ്യാനങ്ങളുടെയും ഒരു കിലോമീറ്റർ ചുറ്റളവിൽ ഇക്കോ സെൻസിറ്റീവ് സോൺ ഉണ്ടായിരിക്കണമെന്ന 2022 ജൂൺ 3-ലെ ബഹു: സുപ്രീം കോടതി വിധി ജനവാസ മേഖലകളെ പൂർണ്ണമായും ഒഴിവാക്കിക്കൊണ്ട് ഇക്കോ സെൻസിറ്റീവ് സോൺ നിശ്ചയിക്കണമെന്ന സംസ്ഥാന സർക്കാരിന്റെ തീരുമാനത്തെ പ്രതികൂലമായി ബാധിക്കുന്നതാണ്.

വളരെ കുറഞ്ഞ ഭൂവിസ്തൃതിയുള്ള കേരള സംസ്ഥാനത്തിന്റെ 30 ശതമാനത്തോളം വനവും ആകെ ഭൂപ്രദേശത്തിന്റെ 48 ശതമാനത്തോളം പശ്ചിമഘട്ട മലനിരകളും കൂടാതെ 590 കിലോമീറ്റർ കടൽ തീരവും നിരവധിയായ തടാകങ്ങളും കായലുകളും നെൽവയലുകളും മറ്റ് തണ്ണീർത്തടങ്ങളും അടങ്ങിയിട്ടുള്ളതാണ്. സംസ്ഥാനത്തെ ജനസാന്ദ്രത സ്ക്വയർ കിലോമീറ്ററിൽ 900-ന് മുകളിലാണ്. ഇപ്പോഴത്തെ ജനസംഖ്യ 3.5 കോടിയുമാണ്. ജനവാസത്തിന് അനുയോജ്യമായ ഭൂപ്രദേശങ്ങൾ സംസ്ഥാനത്ത് വളരെ കുറവാണ്. ഈ കാരണങ്ങളാൽ ജനവാസ മേഖലകൾ പൂർണമായും ഇക്കോ സെൻസിറ്റീവ് സോണിന്റെ പരിധിയിൽ നിന്നും ഒഴിവാക്കിക്കൊണ്ട് സംസ്ഥാനം സമർപ്പിച്ച നിർദ്ദേശങ്ങൾ കേന്ദ്രസർക്കാരിന്റെ പരിഗണനയിലായിരുന്നു. ആയതിൻമേൽ അന്തിമതീരുമാനം വരാനിരിക്കെയാണ് ബഹു: സുപ്രീം കോടതിയുടെ ഇപ്പോഴത്തെ വിധി വന്നിട്ടുള്ളത്.

കേരളത്തിന്റെ പ്രത്യേക സാഹചര്യത്തിൽ ബഹു: സുപ്രീം കോടതിയുടെ 3-6-2022-ലെ വിധി സംസ്ഥാനത്ത് നടപ്പിലാക്കിയാൽ ആയത് പൊതുതാൽപര്യത്തെ ബാധിക്കുന്നതും ജനജീവിതം ദുരിതത്തിലാക്കുന്നതുമാണ്. അപ്രകാരം ഇക്കോ സെൻസിറ്റീവ് സോൺ നിശ്ചയിക്കുന്ന പക്ഷം കേന്ദ്ര സർക്കാർ 9-2-2011-ൽ വിജ്ഞാപനം ചെയ്ത മാനദണ്ഡങ്ങൾ കേരളത്തിൽ നടപ്പിലാക്കുന്നതിന് വിവിധ പ്രായോഗിക ബുദ്ധിമുട്ടുകൾ നേരിടുന്നതാണ്.

മേൽ പ്രസ്താവിച്ച പ്രത്യേക സാഹചര്യങ്ങൾ പരിഗണിച്ച് ബഹു. സുപ്രീം കോടതി വിധി പ്രകാരം ഒരു കി.മീ. ചുറ്റളവിൽ ഇക്കോ സെൻസിറ്റീവ് സോൺ നിശ്ചയിക്കണമെന്നതിൽ നിന്നും സംസ്ഥാനത്തെ ഒഴിവാക്കി, ബഹു: സുപ്രീം കോടതി തന്നെ വ്യക്തമാക്കിയ പ്രകാരം അതീവ പൊതു താൽപര്യം പരിഗണിച്ച് സംസ്ഥാനത്തെ വന്യജീവി സങ്കേതങ്ങളുടെയും ദേശീയോദ്യാനങ്ങളുടെയും ചുറ്റുമുള്ള ജനവാസ മേഖലകൾ, കൃഷിയിടങ്ങൾ, പൊതുസ്ഥാപനങ്ങൾ എന്നിവ പൂർണമായും ഒഴിവാക്കിക്കൊണ്ട് ഇക്കോ സെൻസിറ്റീവ് സോൺ നിശ്ചയിക്കുന്നതിനും ഇപ്രകാരം സംസ്ഥാനം ഇതിനകം സമർപ്പിച്ച നിർദ്ദേശങ്ങൾ പരിഗണിച്ച് അന്തിമ വിജ്ഞാപനം പുറപ്പെടുവിക്കുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിക്കണമെന്നും ഇതിന് ആവശ്യമെന്ന കണ്ടാൽ ഉചിതമായ നിയമ നടപടികളും നിയമ നിർമ്മാണത്തിനുള്ള നടപടികളും സ്വീകരിക്കണമെന്നും കേന്ദ്ര സർക്കാരിനോട് ഈ സഭ ഐകകണ്ഠ്യേന അഭ്യർത്ഥിക്കുന്നു. "

ധനകാര്യം :

## 2022-23 സാമ്പത്തിക വർഷത്തേയ്ക്കുള്ള ബജറ്റിലെ ധനാഭ്യർത്ഥനകളിന്മേലുള്ള ചർച്ചയും വോട്ടെടുപ്പും

വൈദ്യസഹായരംഗവും പൊതുജനാരോഗ്യവും എന്ന XVIII-ാം നമ്പർ ധനാഭ്യർത്ഥന, കുടുംബക്ഷേമം എന്ന XIX-ാം നമ്പർ ധനാഭ്യർത്ഥന എന്നിവയുടെ നേരെ ധനാഭ്യർത്ഥനകളുടെ ലിസ്റ്റിലെ 7-ാം കോളത്തിൽ സൂചിപ്പിച്ചിട്ടുള്ള തുക അനുവദിക്കണമെന്ന പ്രമേയം ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി ശ്രീമതി വീണാ ജോർജ് അവതരിപ്പിച്ചു

പ്രസ്തുത ധനാഭ്യർത്ഥനകളെ സംബന്ധിച്ച് ചട്ടം 236 (3) പ്രകാരമുള്ള പ്രസ്താവനകൾ ധനകാര്യ വകുപ്പുമന്ത്രി ശ്രീ. കെ. എൻ. ബാലഗോപാൽ മേശപ്പുറത്തു വച്ചു

XVIII-ാം നമ്പർ ധനാഭ്യർത്ഥന സംബന്ധിച്ച ഖണ്ഡനോപക്ഷേപങ്ങളുടെ ലിസ്റ്റിലെ 3, 4, 5, 8, 9, 11, 12, 13, 14, 15, 17, 18, 19, 20, 21, 22, 23, 24, 25, 26, 27, 28, 29, 30, 31, 32, 33, 34, 38 എന്നീ ഖണ്ഡനോപക്ഷേപങ്ങളും, XIX-ാം നമ്പർ ധനാഭ്യർത്ഥന സംബന്ധിച്ച ഖണ്ഡനോപക്ഷേപങ്ങളുടെ ലിസ്റ്റിലെ 1, 2, 3, 4, 5, 6, 7, 8, 9, 10, 11, 12, 13, 14, 15, 16, 18, 19, 20, 22, 23, 24, 27, 28, 29, 30, 31, 32, 34, 35, 36 എന്നീ ഖണ്ഡനോപക്ഷേപങ്ങളും അവതരിപ്പിച്ചു

താഴെപറയുന്ന അംഗങ്ങൾ ചർച്ചയിൽ പങ്കെടുത്തു:

ശ്രീ. മുരളി പെരുനെല്ലി

ശ്രീ. സനീഷ്കുമാർ ജോസഫ്

ശ്രീ. ഇ. ചന്ദ്രശേഖരൻ

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ

ശ്രീ. കെ. യു. ജനീഷ് കുമാർ

ശ്രീ. ജോബ് മൈക്കിൾ

ശ്രീ. അനൂപ് ജേക്കബ്

ശ്രീമതി ഒ. എസ്. അംബിക

ഡോ. സുജിത് വിജയൻപിള്ള

ശ്രീ. ഐ. സി. ബാലകൃഷ്ണൻ

ശ്രീമതി ദെലീമ

ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി

ശ്രീമതി യു. പ്രതിഭ

ശ്രീ. യു. എ. ലത്തീഫ്

ശ്രീ. ജി. എസ്. ജയലാൽ

ഡോ. കെ. ടി. ജലീൽ

ശ്രീ. എ. പി. അനിൽകുമാർ

ചർച്ചയിൽ ഉന്നയിക്കപ്പെട്ട കാര്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി ശ്രീമതി വീണാ ജോർജ് മറുപടി നൽകി. അവതരിപ്പിച്ചിരുന്ന ഖണ്ഡനോപക്ഷേപങ്ങൾ സഭ തള്ളി. തുടർന്ന് ധനാഭ്യർത്ഥനകൾ XVIII, XIX എന്നിവ വോട്ടിനിട്ട് പാസ്സാക്കി.

<u>റിപ്പോർട്ട് സമർപ്പണം</u> :

സഭാ നേതാവും കാര്യോപദേശക സമിതി അംഗവുമായ ശ്രീ. പിണറായി വിജയൻ സമിതിയുടെ ആറാമത് റിപ്പോർട്ട് സമർപ്പിച്ചു.

<u>റിപ്പോർട്ട് പരിഗണന</u> :

കാര്യോപദേശകസമിതിയുടെ ആറാമത് റിപ്പോർട്ട് സഭ അംഗീകരിച്ചു.

2022 ജൂലൈ 12-ാം തീയതി ചൊവ്വാഴ്ച രാവിലെ 9.00 - ന് വീണ്ടും സമ്മേളിക്കുന്നതിനായി വൈകുന്നേരം 4.00-ന് സഭ പിരിഞ്ഞു.

കവിത ഉണ്ണിത്താൻ,
*സെക്രട്ടറി-ഇൻ-ചാർജ്ജ്.*